LIBRARY ARCHIVES Kerala Legislative Assembly

സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര ധനസഹായം ലഭിക്കുന്ന പദ്ധതി

30 [461] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര ധനസഹായം ലഭിക്കുന്ന എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് എന്ന് അറിയിക്കുമോ;

(ബി) ഓരോ പദ്ധതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ, അപേക്ഷ നൽകേണ്ടത് എങ്ങനെയാണെന്നും ആർക്കാണെന്നും ഉള്ള വിവരങ്ങൾ, അപേക്ഷിക്കുന്ന സന്നദ്ധ സംഘടനയ്ക്കു വേണ്ടുന്ന യോഗ്യതാ മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇങ്ങനെയുള്ള ഓരോ പദ്ധതി മുഖേനയും ധനസഹായം ലഭിക്കുന്ന കേരളത്തിലെ സംഘടനകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വികലാംഗ ക്ഷേമ പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, വികലാംഗ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്ന വ്യക്തികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, വൃദ്ധസദന നിർമ്മാണവും വൃദ്ധജന പരിപാലനവും, സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യം തടയൽ ബോധവൽക്കരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, സ്റ്റെപ്പ്, നൊറാഡ്, ഷോർട്ട് സ്റ്റേ ഹോം, സ്വാധർ എന്നീ പദ്ധതികളാണ് കേന്ദ്ര ധനസഹായം ലഭിക്കുന്ന നിലവിലുള്ള പദ്ധതികൾ.

(ബി) കേന്ദ്ര സർക്കാർ ധനസഹായത്തിനുവേണ്ടി സന്നദ്ധ സംഘടനകൾ നിശ്ചിത മാതൃകയിൽ എല്ലാ അനുബന്ധ രേഖകൾ സഹിതം അപേക്ഷയുടെ ഒരു പകർപ്പ് കേന്ദ്ര സർക്കാരിനും മൂന്ന് പകർപ്പുകൾ സാമൂഹ്യക്ഷേമ ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ സാമൂഹ്യക്ഷേമ വകുപ്പുദ്യോഗസ്ഥൻമാരെക്കൊണ്ട് അന്വേഷണം നടത്തി ശുപാർശയോടെ സംസ്ഥാന സർക്കാരിന് നൽകുന്നു. സംസ്ഥാന സർക്കാർ അത് കേന്ദ്ര സർക്കാരിലേക്ക് അയയ്ക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഗ്രാന്റിന് അപേക്ഷിക്കുന്നതിന് സന്നദ്ധ സംഘടനകൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1860 പ്രകാരമോ 1958-ലെ സെക്ഷൻ 25

പ്രകാരം ചാരിറ്റബിൾ കമ്പനി ലൈസൻസുള്ളതോ നിലവിലുള്ള നിയമമനുസരിച്ച് പബ്ലിക് ട്രസ്റ്റായോ രജിസ്റ്റർ ചെയ്ത ഏത് സന്നദ്ധ സംഘടനയ്ക്കും നിയമപരമായി ഒരു മാനേജിംഗ് കമ്മിറ്റി ഉണ്ടാവുകയും രജിസ്റ്റർ ചെയ്ത് മൂന്ന് വർഷം പൂർത്തിയാവുകയും ധനസഹായം അപേക്ഷിക്കുന്ന മേഖലയിൽ രണ്ടു വർഷം മുൻ പ്രവർത്തനം ഉണ്ടായിരിക്കുകയും വേണം. പദ്ധതി തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക അടിത്തറ സംഘടനയ്ക്ക് ഉണ്ടായിരിക്കണം.

(സി) കേന്ദ്ര സർക്കാർ സന്നദ്ധ സംഘടനകൾക്ക് നേരിട്ടാണ് ധനസഹായം അനുവദിക്കുന്നത്. ആയതിനാൽ ഏതൊക്കെ സംഘടനകൾക്ക് ആണ് കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചതെന്നോ എത്ര തുകയാണ് അനുവദിച്ചതെന്നോ ഉള്ള കൃത്യമായ വിവരം ലഭ്യമല്ല.

അംഗനവാടികൾക്ക് ലോകബാങ്ക് സഹായത്തോടെ കെട്ടിട നിർമ്മാണം

31 [462] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ എത്ര അംഗനവാടികൾ ഉണ്ടെന്നും ഇതിൽ ലോകബാങ്ക് സഹായത്തോടെ കെട്ടിടം നിർമ്മിച്ച എത്ര അംഗനവാടികളുണ്ടെന്നും പഞ്ചായത്ത് തിരിച്ചു വിശദമാക്കാമോ;

(ബി) സ്വന്തം കെട്ടിടങ്ങളില്ലാത്ത എത്ര അംഗൻവാടികൾ ഓരോ പഞ്ചായത്തിലും ഉണ്ടെന്ന് പറയാമോ;

(സി) കെട്ടിടം നിർമ്മിക്കാൻ ലോകബാങ്ക് സഹായം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കെട്ടിട നിർമ്മാണത്തിനായി മറ്റെന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഫറോക്ക് ഗ്രാമ പഞ്ചായത്തിൽ സ്ഥലം ലഭ്യമായിട്ടും ധനസഹായം ലഭിക്കാത്തതിനെ തുടർന്ന് കെട്ടിടം നിർമ്മിക്കാൻ കഴിയാത്ത അംഗൻവാടികൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ധനസഹായം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ മുതൽ ഇ വരെ) വിവരം ശേഖരിച്ച് താമസംവിനാ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly